കട്ടപ്പനയിൽ വിദ്യാർത്ഥിനിയെ തട്ടിക്കൊണ്ടുപോയ സംഭവം

27 (29)ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടപ്പനയിൽ ഒരു കോളേജ് വിദ്യാർത്ഥിനിയെ തട്ടിക്കൊണ്ടു പോയി തടങ്കലിൽ വച്ച് മാനഭംഗപ്പെടുത്തിയത് സംബന്ധിച്ച പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച വിവരം ആദ്യമായി ഗവൺമെന്റിന് ലഭിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച പരാതി പോലീസിന് ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സംഭവത്തിൻമേൽ പോലീസിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) പരാതി പോലീസിന് നൽകിയിട്ട് നടപടി എടുക്കാതിരുന്നതിനെത്തുടർന്ന് പെൺകുട്ടി കോടതിയിൽ ഹാജരായി മൊഴി നൽകിയ വിവരം ഗവൺമെന്റിനറിവുണ്ടോ;

(എഫ്) ഇതു സംബന്ധിച്ച് കോടതിയിൽനിന്നും എന്തെങ്കിലും നിർദ്ദേശം പോലീസിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്നാണെന്ന് വെളിപ്പെടുത്താമോ;

(ജി) പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ബലാൽക്കാരമായി തട്ടിക്കൊണ്ടുപോയി തടങ്കലിൽ വച്ച് പീഡിപ്പിച്ചതായി വ്യക്തമായ പരാതി ലഭിച്ചിട്ടും ഒരു മാസത്തിനുശേഷവും നടപടി സ്വീകരിക്കാതിരുന്നതിന് പോലീസിനെ കോടതി വിമർശിച്ച വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) നടപടി സ്വീകരിക്കാതിരുന്നത് സംബന്ധിച്ച് പോലീസിന്റെ വിശദീകരണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ഐ) ഈ സംഭവത്തിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ടോ; അവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ജെ) പോലീസിന്റെ ഭാഗത്തുനിന്നും ഉള്ള ഗുരുതരമായ വീഴ്ചയെക്കുറിച്ച് ഉന്നതതലത്തിൽ സമഗ്രമായി അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ജെ) വിവരം ശേഖരിച്ചു വരുന്നു.

ശാന്തപ്പനെ മർദ്ദിച്ച സംഭവം

28 (33)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 ഡിസംബർ മാസം 11-ാം തീയതി രാത്രി ഒരു മണിയോടുകൂടി തിരുവനന്തപുരം ശംഖുമുഖം സരിതാഭവനിൽ ശാന്തപ്പനെ ശംഖുമുഖം പോലീസ് കസ്റ്റഡിയിലെടുക്കുകയും പിന്നീട് മ്യൂസിയം പോലീസിന് കൈമാറുകയും അവിടെവച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ;

883/2010.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരെല്ലാം ചേർന്നാണ് അദ്ദേഹത്തെ മർദ്ദിച്ചതെന്ന് അറിയിക്കുമോ;

(സി) ഇതിനോടനുബന്ധിച്ച് അന്വേഷണം നടത്തുവാൻ ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്; എന്നാണ് ഈ അന്വേഷണം നടത്തുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയത്;

(ഡി) ശ്രീ. ശാന്തപ്പനെ മർദ്ദിച്ചവരിൽ ആരുടെയെല്ലാം കാര്യത്തിൽ അന്വേഷണം പൂർത്തിയാക്കി;

(ഇ) ബാക്കിയുള്ളവരെ സംബന്ധിച്ച് പ്രസ്തുത അന്വേഷണം എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ;

(എഫ്) ഈ കേസ്സ് സംബന്ധിച്ച അന്വേഷണം വിനാവിളംബം പൂർത്തിയാക്കി കുറ്റക്കാരുടെ മേൽ നടപടിയെടുക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ;

(ജി) ശ്രീ. ശാന്തപ്പനെ മർദ്ദിച്ചവർ ഇപ്പോൾ ഏതെല്ലാം ആഫീസുകളിലാണ് ജോലി ചെയ്യുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(ജി) കേസ്സന്വേഷണം 1-1-'98-ൽ ക്രൈം ഡിറ്റാച്ച്മെന്റ് എ.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേസ്സ് അന്വേഷണത്തിലാണ്.

പിൻവലിക്കപ്പെട്ട കേസ്സുകൾ

29 (34)ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കോടതിയുടെ പരിഗണനയിലിരുന്ന എത്ര കേസ്സുകൾ പിൻവലിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇവയിൽ ഒട്ടാകെ എത്ര പ്രതികളുണ്ടായിരുന്നു;

(സി) ഈ പ്രതികളിൽ എത്രപേർവീതം ഏതെല്ലാം രാഷ്ട്രീയ കക്ഷികളുടെ അംഗങ്ങളോ അനുഭാവികളോ ആണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു വരുന്നു.

അക്രമങ്ങൾ തടയാൻ പോലീസ് വൈമനസ്യം കാട്ടുന്നതായി പരാതി

30 (35)ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥൻമാരുടെ കൺമുന്നിൽവച്ച് നടക്കുന്ന കൊലപാതകം ഉൾപ്പെടെയുള്ള അക്രമങ്ങൾ തടയാൻ പോലീസ് വൈമനസ്യം കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly